2. വിധവാ പെൻഷൻ

കുടിശ്ശിക - 4 മാസം

തുക - 9,76,26,000 രൂപ

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഇതേവരെ വിവിധ ക്ഷേമപദ്ധതിയിനങ്ങളിലായി നൽകിയ കുടിശ്ശിക ഇപ്രകാരമാണ്:

1. തൊഴിലില്ലായ്മ വേതനം - 59 മാസം
2. വിധവാ പെൻഷൻ - 61 മാസം
3. വികലാംഗ പെൻഷൻ - 57 മാസം

(ഇ) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ഭരണിക്കാവ് ആസ്ഥാനമാക്കി സബ്ട്രഷറി

22(1298) ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര താലൂക്കിലെ ആറ് ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങളുടെ ചിര കാല ആവശ്യമായ ഭരണിക്കാവ് ആസ്ഥാനമായി ഒരു സബ്ട്രഷറി ആഫീസ് തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

മൂക്കത്ത് സബ്ട്രഷറി സ്ഥാപിക്കാൻ നടപടി

23(1299) ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ മലയോര പ്രദേശങ്ങളുടെ ആസ്ഥാനമായ മൂക്കത്ത് ഒരു സബ്ട്രഷറി സ്ഥാപിക്കണമെന്ന വർഷങ്ങളായുള്ള പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടേയും ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന് വേണ്ടി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ട്രഷറി എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly